# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി2/17263/15 | ചാക്ക, തിരുവനന്തപുരം
തീയതി: 26.06.2015

## വിജ്ഞാപനം

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ്- സെമസ്റ്റർ സമ്പ്രദായം- ജൂലൈ 2015 - പ്രൈവറ്റായി 3-ാം സെമസ്റ്റർ പരീക്ഷ എഴുതുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്.

***************

2015 ജൂലായിൽ നടത്തുന്ന 3-ാം സെമസ്റ്റർ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ സർക്കാർ/സ്വകാര്യ ഐ.ടി.ഐ.കളിൽ പരിശീലനം നേടാതെ പ്രൈവറ്റായി ട്രേഡ് ടെസ്റ്റ് എഴുതുന്നവരും സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് നടത്തുന്ന എസ്.സി.വി.ടി ട്രേഡ് ടെസ്റ്റ് വിജയിച്ച് സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവരും നിർദ്ദിഷ്ഠ യോഗ്യതകൾ ഉള്ളവരുമായ അപേക്ഷകർ **02.07.2015** **വൈകുന്നേരം 3 മണിക്ക്** മുൻപായി ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## I. അപേക്ഷകന് വേണ്ട യോഗ്യതകൾ.

1. ജനുവരി 2015 ൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് രണ്ടാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്തവർ ആയിരിക്കണം.
2. രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്കു വേണ്ടി അപേക്ഷ ക്ഷണിച്ചപ്പോൾ സമർപ്പിച്ചിട്ടുള്ള ബന്ധപ്പെട്ട ട്രേഡിലെ പ്രവൃത്തി പരിചയം ഇപ്പോഴും തുടരുന്നവരായിരിക്കണം.
3. എസ്.സി.വി.റ്റി പരീക്ഷ പൂർണ്ണമായി വിജയിച്ച് എസ്.റ്റി.സി ലഭിച്ചവരും 2015 ജനുവരി മാസത്തിൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ 2-ാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്ത് മാർക്ക്ഷീറ്റ്/ഹാൾടിക്കറ്റ് ലഭിച്ചവരും ആയിരിക്കണം.

## II. അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

1. 2-ാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ഹാജരാക്കിയ ബന്ധപ്പെട്ട ട്രേഡിലെ പ്രവൃത്തി പരിചയം ഇപ്പോഴും തുടരുന്നു എന്ന് തെളിയിക്കുന്ന തൊഴിൽ ഉടമയുടെ കൈയ്യൊപ്പും ഓഫീസ് മുദ്രയോടും കൂടിയ സാക്ഷ്യപത്രം. (സാക്ഷ്യപത്രത്തിന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.)
2. 2-ാം സെമസ്റ്റർ പരീക്ഷയുടെ വിജ്ഞാപനം പുറപ്പെടുവിച്ച തീയതി മുതൽ ടി വിജ്ഞാപനം പുറപ്പെടുവിച്ച തീയതി വരെ അപേക്ഷകൻ ബന്ധപ്പെട്ട ട്രേഡിൽ നേടിയ പ്രവർത്തിപരിചയം സ്വന്തം കൈപ്പടയിൽ ഒരു പ്രബന്ധമാക്കി തയ്യാറാക്കി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. ടി പ്രബന്ധത്തിൽ അപേക്ഷകൻ സ്വന്തം പേര് രേഖപ്പെടുത്തി കയ്യൊപ്പു ചാർത്തേണ്ടതും തൊഴിൽ ഉടമ പേര്, ഔദ്യോഗിക മേൽവിലാസം എന്നിവ രേഖപ്പെടുത്തി ഓഫീസ് മുദ്ര പതിപ്പിച്ച് മേലൊപ്പു ചാർത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
3. 2-ാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്ത മാർക്ക്ഷീറ്റിന്റെ പകർപ്പ്

4. എസ്.സി.വി.റ്റി പരീക്ഷ പൂർണ്ണമായി വിജയിച്ച് എസ്.റ്റി.സി ലഭിച്ചവരും 2015 ജനുവരി മാസത്തിൽ നടത്തിയ അഖിലേന്ത്യ ട്രേഡ് ടെസ്റ്റ് രണ്ടാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്ത മാർക്ക്ഷീറ്റ്/ഹാൾടിക്കറ്റ്.

## III. പൊതുവായ നിർദ്ദേശങ്ങൾ

1. 2015 ജനുവരിയിൽ നടത്തിയ 2-ാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുത്ത് മാർക്ക്ഷീറ്റ്/ ഹാൾടിക്കറ്റ്.ലഭിച്ച അപേക്ഷകർക്ക് മാത്രമേ 3-ാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ.
2. 2-ാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷിച്ച ട്രേഡിനാണ് 3-ാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ടത്.
3. 2-ാം സെമസ്റ്റർ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചപ്പോൾ പ്രവർത്തി പരിചയം നേടിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള സ്ഥാപനത്തിൽ നിന്ന് വേണം പ്രവർത്തി പരിചയം നേടിയിരിക്കേണ്ടത്. ആകെ പ്രവർത്തന കാലയളവ് തുടർച്ചയായിട്ടുള്ളതായിരിക്കണം. ഇതിൽ എന്തെങ്കിലും വ്യത്യാസം ബോധ്യപ്പെടുകയാണെങ്കിൽ ടി അപേക്ഷകൾ മുന്നറിയിപ്പ് കൂടാതെ നിരസിക്കുന്നതായിരിക്കും.
4. ഓരോ ട്രേഡിലേയും 3-ാം സെമസ്റ്റർ പരീക്ഷയുടെ സിലബസ്സും മറ്റ് വിവരങ്ങളും ഡി.ജി.ഇ.റ്റിയുടെ www.dget.nic എന്ന വെബ്സൈറ്റിലും CSTARI വെബ്സൈറ്റിലും ലഭ്യമാണ്.
5. കെ.എസ്.ഇ.ബിയിൽ നിന്നുള്ള അപേക്ഷകർക്ക് ലൈൻമാൻ ഗ്രേഡ് 2 തസ്തിക മുതലുള്ള പ്രവർത്തി പരിചയമേ പരിഗണിക്കുകയുള്ളൂ.
6. അപേക്ഷാ ഫീസായി ആയിരം രൂപ (1000/-)*''0230-ലേബർ ആന്റ് എംപ്ലോയ്മെന്റ്-00 -800-അദർ റസീപ്റ്റ്-88- അദർ ഐറ്റംസ്''* എന്ന ശീർഷകത്തിൽ സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ ഒടുക്കിയതിന്റെ അസ്സൽ ചെലാൻ അപേക്ഷയോടൊപ്പം ഹാജരാക്കണം.
7. ഒരിക്കൽ അടച്ച പരീക്ഷാ ഫീസ് യാതൊരു കാരണവശാലും മടക്കി നൽകുകയോ, വേറെ ഏതെങ്കിലും രീതിയിൽ ക്രമീകരിക്കുകയോ ചെയ്യുന്നതല്ല.
8. സെമസ്റ്റർ പരീക്ഷകൾ ഒ.എം.ആർ. മാതൃകയിലാണ് ഡി.ജി.ഇ.റ്റി നടത്തി വരുന്നത്. ടി ഒ.എം.ആർ ഷീറ്റുകൾ പ്രിന്റ് ചെയ്യുന്നതിനും പരീക്ഷാകേന്ദ്രങ്ങളിൽ എത്തിക്കുന്നതിനും പരീക്ഷ കഴിഞ്ഞ ശേഷം തിരികെ കൊണ്ടുപോയി മൂല്യനിർണ്ണയം നടത്തുന്നതിനും വേണ്ടി വരുന്ന ചെലവുകൾക്കായി ഒരു ട്രെയിനിയിൽ നിന്നും 75/- രൂപ ക്രമത്തിൽ ഫീസായി ഈടാക്കി ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന ഹാൾടിക്കറ്റ് വിതരണത്തിനു മുമ്പ് ഡി.ജി.ഇ.റ്റി നൽകണമെന്ന് 13.11.2014 തീയതിയിലെ DGET-19(7)/2014-CD നമ്പർ കത്ത് മുഖേന ഡി.ജി.ഇ.റ്റി നിർദ്ദേശം

നൽകിയിട്ടുണ്ട്. ടി നിർദ്ദേശപ്രകാരം തുക ഫീസായി ട്രെയിനികളിൽ നിന്നും ശേഖരിക്കുന്നതിന് സർക്കാർ അനുമതിയും നൽകിയിട്ടുണ്ട്. ആയതിനാൽ ഹാൾടിക്കറ്റ് വിതരണത്തിന് മുമ്പായി ടി 75/- രൂപ ഓരോ ട്രെയിനിയിൽ നിന്നും ഫീസായി ശേഖരിക്കേണ്ടി വരുന്നതാണെന്ന് ട്രെയിനികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രസ്തുത ഫീസ് ഒടുക്കുന്നതിന് സജ്ജീകരണം ചെയ്തിട്ടുണ്ടെങ്കിൽ ആയത് പ്രകാരം ടി ഫീസ് ഒടുക്കേണ്ടതാണ്. അല്ലായെങ്കിൽ ഇതുമായി ബന്ധപ്പെട്ട് പ്രിൻസിപ്പാൾമാർ സ്വീകരിക്കേണ്ട മേൽ നടപടിക്രമങ്ങൾ ഡയറക്ടറേറ്റിൽ നിന്നും അറിയിക്കുന്നതായിരിക്കും.

9. 18/12/2014 തീയതിയിലെ DGET-18011/06/Sem/2014-TTC നമ്പർ കത്ത് പ്രകാരം അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (സെമസ്റ്റർ) പരീക്ഷകൾക്ക് നെഗറ്റീവ് മാർക്ക് സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ളതായി ഡി.ജി.ഇ.റ്റി അറിയിച്ചിട്ടുണ്ട്.

10. 250 മുതൽ 500 വരെ വാക്കുകൾ ഉൾക്കൊള്ളിച്ചുള്ള പ്രവൃത്തി പരിചയ റിപ്പോർട്ട് അടങ്ങിയ പ്രബന്ധം സ്വന്തം കൈപ്പടയിൽ എഴുതി വേണം തയ്യാറാക്കാൻ. പ്രിന്റ് ചെയ്തതോ, ഡി.റ്റി.പി.യിൽ തയ്യാറാക്കിയതോ, ടൈപ്പ് ചെയ്തതോ ആയ റിപ്പോർട്ടുകൾ അംഗീകരിക്കുന്നതല്ല.

11. ഒരേ പോലെ എഴുതി തയ്യാറാക്കിയ പ്രബന്ധങ്ങൾ ഉള്ളടക്കം ചെയ്യുന്ന അപേക്ഷകൾ മുന്നറിയിപ്പ് കൂടാതെ നിരസിക്കുന്നതായിരിക്കും.

12. അപേക്ഷകന്റെയോ തൊഴിൽ ഉടമയുടെയോ കയ്യൊപ്പോ, ഔദ്യോഗിക മേൽ വിലാസമോ, ഓഫീസ് മുദ്രയോ ഇല്ലാത്ത പ്രബന്ധങ്ങൾ ഉള്ളടക്കം ചെയ്യുന്ന അപേക്ഷകൾ മുന്നറിയിപ്പ് കൂടാതെ നിരസിക്കുന്നതായിരിക്കും.

13. അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യുന്ന പ്രവർത്തി പരിചയം സാക്ഷ്യപ്പെടുത്തുന്ന തൊഴിൽ ഉടമയുടെ സർട്ടിഫിക്കറ്റിൽ തൊഴിൽ ഉടമയുടെ കയ്യൊപ്പോ ഔദ്യോഗിക മേൽ വിലാസമോ, ഓഫീസ് മുദ്രയോ രേഖപ്പെടുത്തിയിട്ടില്ലായെങ്കിലോ ടി സർട്ടിഫിക്കറ്റിൽ വെട്ടിത്തിരുത്തലുകൾ ഉണ്ടെങ്കിലോ ടി അപേക്ഷകൾ ഒരു മുന്നറിയിപ്പ് കൂടാതെ നിരസിക്കുന്നതായിരിക്കും.

14. പ്രാക്ടിക്കൽ പരീക്ഷയിൽ മെഷീനുകളിൽ പ്രായോഗിക പരീക്ഷ ചെയ്യേണ്ടവർ പരീക്ഷയ്ക്ക് മുൻപായി നൂറ് രൂപ (100/-) അതാത് ഐ.ടി.ഐ. പ്രിൻസിപ്പാൾമാരിൽ ജാമ്യ നിക്ഷേപം അടയ്ക്കേണ്ടതും, പ്രാക്ടിക്കൽ പരീക്ഷ കഴിഞ്ഞതിനു ശേഷം ബാദ്ധ്യതയൊന്നുമില്ലായെന്ന് കണ്ടാൽ ടി ജാമ്യതുക മടക്കി നൽകുന്നതുമാണ്.

15. അപേക്ഷയുടെ ഒന്നാം ഘട്ട സൂക്ഷ്മ പരിശോധനകൾ അതാത് നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ നടത്തേണ്ടതാണ്. ഇതിനു വേണ്ടി അപേക്ഷകൻ ജോലി

ചെയ്തു വരുന്ന സ്ഥാപനത്തിൽ നേരിട്ട് പോയി പരിശോധിച്ച് ടിയാൻ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ, ടിയാൻ സമർപ്പിച്ചിട്ടുള്ള പ്രവർത്തി പരിചയ റിപ്പോർട്ട് പ്രകാരം തയ്യാറാക്കിയിട്ടുള്ള പ്രബന്ധത്തിലെ വിവരങ്ങൾ എന്നിവ ശരിയാണോയെന്ന് ഉറപ്പാക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ വേണം പ്രിൻസിപ്പാൾമാർ അപേക്ഷയിൽ ശുപാർശ രേഖപ്പെടുത്തേണ്ടത്.

16. രണ്ടാം സെമസ്റ്റർ പരീക്ഷയിൽ മാർക്ക്ഷീറ്റ്/ഹാൾടിക്കറ്റ്. ലഭിക്കാത്ത അപേക്ഷകർ നൽകുന്ന അപേക്ഷകൾ, വിജ്ഞാപന പ്രകാരമുള്ള തൊഴിൽ പരിചയ സർട്ടിഫിക്കറ്റ്, അപേക്ഷകന്റെ ഒപ്പ് എന്നിവ ഇല്ലാത്ത അപേക്ഷകൾ, തൊഴിൽ പരിചയ റിപ്പോർട്ട് പ്രകാരം തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള പ്രബന്ധത്തിൽ അപേക്ഷകന്റെ ഒപ്പ്, മേൽ വിലാസം, ഓഫീസ് മുദ്ര, തൊഴിൽ ഉടമയുടെ കൈയ്യൊപ്പ്, ഔദ്യോഗിക മേൽ വിലാസം ഇല്ലാത്ത അപേക്ഷകൾ, സ്വന്തം കൈപ്പടയിൽ തയ്യാറാക്കാത്ത പ്രബന്ധം ഉള്ളടക്കം ചെയ്തിട്ടുള്ള അപേക്ഷകൾ, ഒരേ പോലെ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള പ്രബന്ധങ്ങൾ ഉള്ളടക്കം ചെയ്തിട്ടുള്ള അപേക്ഷകൾ എന്നിവ നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ തന്നെ പരിശോധിച്ച് ഐ.ടി.ഐ. തലത്തിൽ തന്നെ നിരസിക്കേണ്ടതും, നിരസിക്കുന്ന അപേക്ഷയുടെ വിവരം ബന്ധപ്പെട്ട അപേക്ഷകന് രേഖാമൂലം അറിയിക്കേണ്ടതുമാണ്. ശുപാർശ ചെയ്യുന്ന അപേക്ഷകൾ മാത്രമേ ഡയറക്ടറേറ്റിൽ സമർപ്പിക്കാൻ പാടുള്ളൂ. ഇതിൽ വീഴ്ച വരുത്തുന്ന പ്രിൻസിപ്പാൾമാർക്കെതിരെ വകുപ്പ് തലത്തിൽ കർശന ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

17. പ്രിൻസിപ്പാൾ ശുപാർശ ചെയ്യുന്ന അപേക്ഷകൾ 03.07.2015 **വൈകുന്നേരം 3 മണിക്ക്** മുൻപായി ട്രെയിനിംഗ് ഡയറക്ടറേറ്റിലെ പരീക്ഷാ വിഭാഗത്തിൽ പ്രത്യേക ദൂതൻ മുഖാന്തിരം എത്തിച്ചിരിക്കേണ്ടതാണ്.നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

18. വിദ്യാഭ്യാസ യോഗ്യത, ജനനതീയതി എന്നിവ തെളിയിക്കുന്നതിനായി എസ്.എസ്.എൽ.സി.യുടെ ബന്ധപ്പെട്ട പേജ്, രണ്ടാം സെമസ്റ്റർ പരീക്ഷയ്ക്ക് പങ്കെടുക്കാൻ ലഭിച്ച ഹാൾടിക്കറ്റ് എന്നിവയുടെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്.

19. ട്രേഡ് ടെസ്റ്റ് നടത്തുന്ന തീയതി, സമയം, പരീക്ഷ കേന്ദ്രം, ഹാൾ ടിക്കറ്റ് വിതരണം, വിതരണം ചെയ്യുന്ന തീയതി തുടങ്ങിയ കാര്യങ്ങൾ ഐ.ടി.ഐ. പ്രിൻസിപ്പാൾമാരിൽ നിന്നും അറിയാൻ കഴിയുന്നതാണ്.

20. പൊതു നിർദ്ദേശത്തിൽ പറയുന്ന രേഖകൾ കൂടാതെ ഓരോ വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്കും പ്രത്യേകമായി നിർദ്ദേശിച്ചിരിക്കുന്ന രേഖകൾ ഉണ്ടെങ്കിൽ അവയും അപേക്ഷയോടൊപ്പം നിർബന്ധമായും ഉള്ളടക്കം ഉണ്ടായിരിക്കേണ്ടതാണ്.

21. അപേക്ഷ ഫാറത്തിന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. *(അപേക്ഷ ഫോറത്തിന്റെ മാതൃക ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ഐ.ടി.ഐ.കളിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്).*

22. *പരീക്ഷാ കേന്ദ്രം - തിരുവനന്തപുരം. (പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് പ്രവർത്തിപരിചയം പരിഗണിച്ച് അപേക്ഷ സമർപ്പിക്കുന്ന ട്രെയിനികൾക്ക്)*

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും.

*കുറിപ്പ്:-* ഡയറക്ടറേറ്റിൽ ശുപാർശ ചെയ്ത് അയക്കുന്ന അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ നിർബന്ധമായും ഉറപ്പ് വരുത്തേണ്ടതാണ്.

1. നിർദ്ദിഷ്ഠ മാതൃകയിലുള്ള അപേക്ഷാ ഫാറം.
2. പ്രവർത്തി പരിചയം കാണിച്ചു കൊണ്ടുള്ള തൊഴിലുടമയുടെ സർട്ടിഫിക്കറ്റിലും, സ്വയം എഴുതി തയ്യാറാക്കിയ അപേക്ഷകന്റെ ഒപ്പോടു കൂടിയ തൊഴിൽ സംബന്ധമായ വിവരണത്തിലും (അപേക്ഷയുടെ കോളം) തൊഴിലുടമ മേലൊപ്പു ചാർത്തി ഔദ്യോഗിക മേൽവിലാസവും, ഓഫീസ് മുദ്രയും പതിപ്പിച്ചിരിക്കണം. സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച സാക്ഷ്യപത്രവും ഉള്ളടക്കം ചെയ്തിരിക്കണം.
3. വിദ്യാഭ്യാസ യോഗ്യത, ജനന തീയതി എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
4. രണ്ടാം സെമസ്റ്റർ പരീക്ഷയുടെ മാർക്ക്ഷീറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
5. അപേക്ഷകന്റെ 2 ഫോട്ടോ.

# **Employer Certificate**

(To be submitted by the candidates who are appeared as Industrial workers)

Certified that Shri/Smt....................................................... working this establishment as .......................................................from.................................and continuing. He/ she is drawing a total amount of Rs................ (Rupees........................................ only) per mensem towards salary. I also certified that He/ She is a regular employee of this establishment.

## Service Details

| Sl No | Designation | Service details period | | Scale of Pay |
|---|---|---|---|---|
| | | From | To | |
| 1. | | | | |
| 2. | | | | |
| 3. | | | | |

Place: Signature

Date: (Office Seal) (Name & Designation of Employer)

*Note to Employers:-*

1. The application to be recommended and forwarded only if the applicant is a regular employee working in full term basis and has a continuous service in relevant trade for which the employee has to appear for trade test or work in your establishment and performed duties connected with the Trade Test applied for.
2. The bonafides of statements made will be verified with the concerned authorities before granting permission to appear for the trade test.
3. Overwriting in the Certificates will not be accepted. Such application shall be rejected without notice.

*Recommendation of concerned ITI's Principals.*

I do state that the candidate is working in the establishment were Apprenticeship Training Programme is implemented/ SCVT Certificate holder and the documents and the work done report of relevant trades submitted has been verified by me. I also state that the candidate received hall ticket for attending 2nd Semester exam. Hence ***Recommended*** the application for considering to permit for the ensuing 3rd Semester exam held in July 2015 as private candidate.

Place: Signature

Date: (Office Seal) (Name & Designation of Principal)

N.B. Recommendation may be made only if the employee worked in the relevant trade and got hall ticket for attending 1st semester exam. **Without the recommendation of the Principals of ITIs concerned, that application will be rejected without notice.**

# APPLICATION FOR THE ALL INDIA TRADE TEST FOR PRIVATE CANDIDATES JULY 2015 (3rd SEMESTER)

(Photo)

| | | | |
|---|---|---|---|
| 1. | Name (In Block letters) | : | |
| 2. | Name of Father | : | |
| 3. | Place and date of birth | : | |
| 4. | Address to which communications are to be sent (in block letters) with Pin code, Phone no: and e-mail ID: | : | |
| 5. | Permanent Address | : | |
| 6. | Educational Qualification *(Attested copy to be attached)* | : | |
| 7. | Whether employed *(given full address of Employer)* | : | |
| 8. | Religion & Caste. | | |
| 9. | Whether the Applicant passed for SCVT (*attested copy of SCVT certificate to be attached)* If Yes, the Trade and its Duration | : | |
| 10. | Whether the Applicant from Establishment covered under Apprentice Act, 1961 | : | |
| 11 | Whether the Applicant appeared for Apprentice Test under Apprenticeship Act 1961 who failed six times in the AIATT *(Furnish Details)* | | |
| 12 | Roll No. in 2nd Semester Exam *(attested copy of Hall Ticket to be attached)* | | |
| 13. | Nature of Employment | : | Permanent/ Temporary |
| 14. | Name of Trade applied | : | |
| 15 | Fees Details | | Chelan No………….. <br> Chelan Date………… <br> Name of Treasury…………… |

Place:

Date: Signature of the applicant.